Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2019/1631 (23)

തീയതി : 04.07.2019

## സർക്കുലർ

വിഷയം:- കൈറ്റ് – പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി – സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങൾ പരിശോധിക്കുന്നതിനും വിതരണം ചെയ്യുന്നതിനു മുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:-

1. സ.ഉ (സാധാ) നം. 4743/2018/പൊ.വി.വ തീയതി 13.11.2018.
2. സ.ഉ (സാധാ) നം.2177/2019/പൊ.വി.വ തീയതി 06.06.2019.
3. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.02.2019-ലെ GED001-01/APR-2/2019/KIIFB നടപടി ഉത്തരവ്.
4. ഈ ഓഫീസിലെ 17.01.2018-ലെ കൈറ്റ്/2018/1515-6(1) നമ്പർ സർക്കുലർ.

സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം സംസ്ഥാനത്തെ 4752 ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ 45000 ത്തോളം ക്ലാസ്മുറികൾ ഹൈടെക് ആക്കുന്നതിന്റെ തുടർച്ചയായി 9941 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുകയാണ്. ഈ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ലാപ്ടോപ്പുകൾ, മൾട്ടിമീഡിയ പ്രൊജക്ടറുകൾ, യു.എസ്.ബി സ്പീക്കറുകൾ തുടങ്ങിയവ സമയബന്ധിതമായി സജ്ജീകരിക്കുന്നു.

പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ഐ. സി. ടി. ഉപകരണങ്ങളുടെ ഗുണമേന്മയും പ്രവർത്തനശേഷിയും ഉറപ്പുവരുത്തുന്നതിന് ഉപകരണങ്ങൾ കൃത്യമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. വിതരണത്തിന് മുമ്പ് നടത്തേണ്ടുന്ന പരിശോധനകളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നു:

### I. വിതരണത്തിനുമുൻപുള്ള പരിശോധന

1. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സൂചന 4 സർക്കുലറിൽ നിർദേശിച്ചപ്രകാരം വിതരണം ചെയ്ത 5% ഉപകരണങ്ങൾ ജില്ലാ ഓഫീസിൽ പരിശോധിച്ചതുപോലെ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടെ ഉപകരണങ്ങളും പരിശോധിക്കേണ്ടതാണ്. ജില്ലാകോർഡിനേറ്ററുടെ നേതൃത്വത്തിൽ ജില്ലയിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും മാസ്റ്റർ ട്രെയിനർമാർക്കും ഹാർഡ്‌വെയർ പരിശോധനയ്ക്കാവശ്യമായ പരിശീലനം ആവശ്യമെങ്കിൽ ക്രമീകരിക്കേണ്ടതാണ്. (ഹൈടെക് സ്കൂൾ പദ്ധതിയിലെ ഉപകരണങ്ങൾ പരിശോധിക്കുന്നതിന് ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർക്ക് പ്രത്യേക പരിശീലനം നൽകിയിരുന്നു. അവരുടെ സേവനം ഇതിനും പ്രയോജനപ്പെടുത്താവുന്നതാണ്).
2. ഓരോ ഘട്ടത്തിലും വിതരണത്തിനെത്തുന്ന എല്ലാ ഉപകരണങ്ങളും ചെക്ക്‌ലിസ്റ്റ് ഉപയോഗിച്ച് പരിശോധിക്കേണ്ടതുമാണ്.
3. പരിശോധനയ്ക്കെടുക്കുന്ന ഉപകരണങ്ങളുടെ കവർ കേടുവരാതെ തുറക്കുകയും പരിശോധനയ്ക്കു ശേഷം ശരിയായി റീപായ്ക്ക് ചെയ്യേണ്ടതുമാണ്.

4. പരിശോധനയ്ക്കെടുക്കുന്ന സിസ്റ്റങ്ങളുടെ അനുബന്ധ ഘടകങ്ങൾ ആവശ്യമെങ്കിൽമാത്രം എടുക്കുകയും റീപായ്ക്ക് ചെയ്യുന്നതിനുമുൻപ് എല്ലാ ഭാഗങ്ങളും ഉപകരണത്തോടൊപ്പം കവറിലുണ്ടെന്ന് ഉറപ്പുവരുത്തി പായ്ക്ക് ചെയ്യേണ്ടതാണ്.

5. വിതരണകേന്ദ്രത്തിൽ പരിശോധനയ്ക്ക് എടുക്കുന്ന ഉപകരണം റീപായ്ക്ക് ചെയ്ത് 'Opened for testing and found ok' എന്ന സീൽ പതിപ്പിക്കേണ്ടതാണ്.

6. പ്രവർത്തനക്ഷമമല്ലാത്തത്/ഗുണനിലവാരമില്ലാത്തത് ആയി പരിശോധനയിൽ കണ്ടെത്തുന്ന ഉപകരണങ്ങളുണ്ടെങ്കിൽ ആ വിവരം കൈറ്റിന്റെ സംസ്ഥാന ഓഫീസിലേയ്ക്ക് ജില്ലാകോർഡിനേറ്റർ അറിയിക്കേണ്ടതാണ്.

7. ലാപ്‌ടോപ്പിന്റെ ഇന്റേർണൽ ഘടകങ്ങളുടെ സ്പെസിഫിക്കേഷൻ പരിശോധിക്കുന്നതിനായി lap_test എന്ന പ്രോഗ്രാം ഫയൽ ഉപയോഗിക്കേണ്ടതും അതിൽ നിന്നും ലഭിക്കുന്ന TestReport എന്ന ഫയലിന്റെ പ്രിന്റ് എടുത്ത് പരിശോധിക്കുന്ന മാസ്റ്റർ ട്രെയിനർ ഒപ്പിട്ട് ജില്ലാകോർഡിനേറ്റർക്ക് നൽകുകയും അവ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

8. നൽകിയിരിക്കുന്ന ചെക്ക്‌ലിസ്റ്റിന്റെ പ്രിന്റ്ഔട്ട് ഉപയോഗിച്ച് മാസ്റ്റർ ട്രെയിനർ പ്രൊജക്ടർ പരിശോധിക്കുകയും ചെക്ക്‌ലിസ്റ്റ് ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

   വിതരണകേന്ദ്രങ്ങൾക്കും, സ്കൂളുകൾക്കുമുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

## II. വിതരണ കേന്ദ്രങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1. ഉപകരണങ്ങൾ ലഭിച്ച് 10 ദിവസത്തിനുള്ളിൽ വിതരണം പൂർത്തിയാക്കുന്നതിന് ഓരോ ജില്ലാ വിതരണകേന്ദ്രങ്ങൾക്കും സ്വതന്ത്രമായ ക്രമീകരണങ്ങൾ നടത്താവുന്നതാണ്.

2. സ്കൂളുകളുടെ സൗകര്യം കൂടി പരിഗണിച്ച് ഹാർഡ്‌വെയർ വിതരണഷെഡ്യൂൾ മുൻകൂട്ടി തയ്യാറാക്കി വിതരണ തീയതി രണ്ട് ദിവസങ്ങൾക്ക് മുമ്പെങ്കിലും സ്കൂളുകളെ അറിയിക്കേണ്ടതാണ്.

3. വിതരണകേന്ദ്രത്തിലെത്തുന്ന ഉപകരണങ്ങളിൽ നിന്നും വിതരണത്തിനുമുൻപ് റാൻഡമായി തിരഞ്ഞെടുക്കുന്ന ഉപകരണങ്ങൾ കൈറ്റിന്റെ മാസ്റ്റർ ട്രെയിനർമാർ പരിശോധിക്കേണ്ടതും സംസ്ഥാന ഓഫീസിൽ നിന്നും നിർദേശിക്കുന്ന സ്പെസിഫിക്കേഷനുകൾ അനുസരിച്ചുള്ള ഉപകരണങ്ങളാണ് വിതരണ കേന്ദ്രത്തിലെത്തിയതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

4. വിതരണ കേന്ദ്രത്തിൽ നാല് കൗണ്ടറുകൾ ക്രമീകരിക്കേണ്ടതാണ്.

   <u>കൗണ്ടർ ഒന്ന്</u> - എഗ്രിമെന്റ് പരിശോധന, ഒപ്പിടൽ, ടോക്കൺ വിതരണം (ചുമതല ജില്ലാ കോർഡിനേറ്റർ, 2 മാസ്റ്റർട്രെയിനർ)

   <u>കൗണ്ടർ രണ്ട്, മൂന്ന്</u> - വിതരണ കൗണ്ടർ. (ടെക്നിക്കൽ സ്റ്റാഫ്, ഒരു മാസ്റ്റർട്രെയിനർ, സഹായി) ലിസ്റ്റ് പരിശോധിച്ച് ഓൺലൈൻ എൻട്രി നടത്തൽ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പ്രിന്റിംഗ്, ഉപകരണ വിതരണം.

   <u>കൗണ്ടർ നാല്</u> - വിതരണ വസ്തുക്കളുടെ പരിശോധന (മാസ്റ്റർട്രെയിനർമാർ)

5. പരാതികൾക്കിടനൽകാത്തവിധം വിതരണ പ്രവർത്തനങ്ങൾ ജില്ലയിൽ ക്രമീകരിക്കുന്നതിന് ജില്ലാ കോർഡിനേറ്റർ ഉൾപ്പെടെ ജില്ലയിലെ മാസ്റ്റർട്രെയിനർമാരും എല്ലാ ടെക്നിക്കൽ അസിസ്റ്റന്റുമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**III. സ്കൂളുകൾക്കുള്ള നിർദ്ദേശങ്ങൾ**

1. പ്രഥമാധ്യാപകന്റെ പേരിൽ വാങ്ങിയ 200/- (ഇരുന്നൂറ് രൂപ മാത്രം) രൂപയുടെ മുദ്രപത്രത്തിൽ സ.ഉ (സാധാ)നം.2177/2019/പൊ.വി.വ തീയതി 06.06.2019 അനുസരിച്ചുള്ള ധാരണാ പത്രം തയ്യാറാക്കിക്കൊണ്ട് വരേണ്ടതാണ്. (ശരി പകർപ്പ് സഹിതം) ധാരണാപത്രത്തിന്റെ ഒറിജിനൽ അതാത് ജില്ലാ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതും ശരി പകർപ്പ് സ്കൂളുകൾ സൂക്ഷിക്കേണ്ടതുമാണ്.
2. ഉപകരണങ്ങൾ കൈപ്പറ്റുന്നതിനായി പ്രഥമാധ്യാപകനോ അല്ലെങ്കിൽ രേഖാമൂലം ചുമതലപ്പെടുത്തുന്ന സ്കൂൾ അധ്യാപക/അധ്യാപകേതര ജീവനക്കാർ ആണ് വിതരണ കേന്ദ്രത്തിലെത്തേണ്ടത്. കൈപ്പറ്റു രസീതിൽ സ്കൂൾ സീൽ ഉണ്ടായിരിക്കേണ്ടതാണ്.
3. ഓരോ സ്കൂളിനും ലഭിക്കുന്ന ഉപകരണങ്ങൾ വിതരണകേന്ദ്രത്തിൽനിന്നും കൊണ്ടുപോകുന്നതിനുമുൻപ് യാതൊരുവിധ ഫിസിക്കൽ ഡാമേജും ഇല്ലായെന്ന് പരിശോധിച്ചുറപ്പാക്കാനും ടെസ്റ്റ് ചെയ്യാനും ആവശ്യമായ സൗകര്യം ജില്ലകളിലെ വിതരണകേന്ദ്രങ്ങളിൽ ഒരുക്കേണ്ടതാണ്.
4. വിതരണ കൗണ്ടറിൽ നിന്നും തിരിച്ചുപോകുന്നതിനു മുൻപ് ഉപകരണങ്ങളുടെ കൂടെയുള്ള എല്ലാ ഘടകങ്ങളും ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
5. സ്കൂളിലെത്തിയശേഷം ഉപകരണങ്ങൾ പ്രവർത്തിപ്പിച്ച് നോക്കേണ്ടതും പ്രവർത്തന ക്ഷമമല്ലാത്ത ഉപകരണങ്ങളുണ്ടെങ്കിൽ വിതരണ ദിവസത്തിനുശേഷം പരമാവധി 5 ദിവസത്തിനുള്ളിൽ കൈറ്റിന്റെ ജില്ലാകോർഡിനേറ്ററെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
6. സ്കൂളുകൾക്ക് ലഭ്യമാകുന്ന ഉപകരണങ്ങൾ അവരുടെ സ്വന്തം ചെലവിൽ സ്കൂളുകളിലേക്ക് കൊണ്ടുപോകേണ്ടതാണ്.

വൈസ്ചെയർമാൻ & എക്സിക്യൂട്ടിവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം
സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)

പകർപ്പ്:

സി.ഇ.ഒ. കിഫ്ബി
പൊതുവിദ്യാഭ്യാസ ഡയറക്ടർ - ആമുഖ കത്ത് സഹിതം
എല്ലാ ആർഡിഡി/എഡി/വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർ/
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർ/മാസ്റ്റർ ട്രെയിനർ/മാസ്റ്റർ ട്രെയിനർ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ

| Annexure 1- Checklist for Laptop | | | | | | |
|---|---|---|---|---|---|---|
| **Physical Verification** | | | | | | |
| The Laptop box contains following items: | | | | | | |
| Sl. No. | Item | Yes/No | | | | |
| 1 | Laptop | | | | | |
| 2 | Power adaptor with power cord | | | | | |
| 3 | USB Optical scroll mouse | | | | | |
| 4 | Driver CD | | | | | |
| 5 | IT@ School Gnu Linux 18.04 DVD | | | | | |
| 6 | Carry case : Back pack carrycase | | | | | |
| 7 | External DVD Writer (with HP Laptop only) | | | | | |
| **Other verification** | | | | | | |
| Boot logo | KITE Boot Logo | | | | | |
| Sticker on top cover | KITE Logo | | | | | |
| Sticker on back cover | Warranty Period, Service Contact No | | | | | |
| Sticker on back cover | Serial No. | | | | | |
| Display | check for Dead cells in screen | | | | | |
| Damages | Check Physical Damage if any | | | | | |
| **Technical Verification** | | | | | | |
| **Particulars** | **Specification As per Tender** | **Sample 1** | **Sample 2** | **Sample 3** | **Sample 4** | **Sample 5** |
| Make and Model | Acer One 14Z2485 / HP 245 G7 | | | | | |
| Processor | Intel Core i3-7020U / AMD Ryzen 3 2200U | | | | | |
| Memory : | 4 GB DDR4 | | | | | |
| HDD : | 500 GB, SATA 6 Gbps, 7200 rpm | | | | | |
| Display: | 14 inch(minimum) antiglare | | | | | |
| Optical Drive : | Integrated / External DVD Writer 8X | | | | | |
| Speaker: | Integrated Stereo Speaker | | | | | |
| Keyboard: | Keyboard with Touch Pad | | | | | |
| Camera: | Integrated Camera | | | | | |
| Expansion Port: | 3 USB Ports (minimum two USB 3.0) | | | | | |
| | HDMI | | | | | |
| | Head phone & microphone (combo or Separate) | | | | | |
| OS : | IT@School GNU/Linux 18.04 | | | | | |
| Carry case : | Back Pack | | | | | |
| Serial No. | | | | | | |

## Annexure 2- Check List for Projector

| **Physical Verification** | | | | | | |
|---|---|---|---|---|---|---|
| The Projector box contains following items: | | | | | | |
| Sl.No. | Item | Yes/No | | | | |
| 1 | Projector | | | | | |
| 2 | HDMI Cable (1.5 metre) | | | | | |
| 3 | Power Cable | | | | | |
| 4 | Remote control | | | | | |
| 5 | Battery for remote control – 2 nos | | | | | |
| 6 | Manual | | | | | |
| **Other verification** | | | | | | |
| Stickers Visible | KITE Logo | | | | | |
| Stickers Visible | Warranty Period | | | | | |
| Stickers Visible | Service contact No. | | | | | |
| Stickers Visible | Serial No. | | | | | |
| Damages | Physical Damage if any | | | | | |
| **Technical Verification** | | | | | | |
| **Particulars** | **Specification As per Tender** | **Sample 1** | **Sample 2** | **Sample 3** | **Sample 4** | **Sample 5** |
| Model | Acer 1223H/ Benq MX 535P | | | | | |
| Aspect Ratio | 4:3 and 16:9 compatible | | | | | |
| Input | HDMI | | | | | |
| Additional Features | Optical Zoom | | | | | |
| | Control Buttons on Projector | | | | | |
| Accessories | Remote control | | | | | |
| | Battery for remote control – 2 nos. | | | | | |
| | HDMI Cable (1.5 metre) | | | | | |
| | Power Cable | | | | | |
| Serial No. | | | | | | |

**Annexure 3 - Check List for USB Speaker**

| **Physical Verification** | | | | | | |
|---|---|---|---|---|---|---|
| Stickers Visible | KITE Logo | | | | | |
| Stickers Visible | Warranty Period | | | | | |
| Stickers Visible | Service contact No. | | | | | |
| Damages | Physical Damage if any | | | | | |
| **Technical Verification** | | | | | | |
| **Particulars** | **Specification As per Tender** | **Sample 1** | **Sample 2** | **Sample 3** | **Sample 4** | **Sample 5** |
| Model | Zebronics – ZEB-FAME / NPR - ELITE 213 | | | | | |
| Specification | 2.0 Multi Media Stereo Speaker | | | | | |
| | USB Powered | | | | | |
| | Hardwired 3.5 mm connection (for audio). | | | | | |
| | Mesh in front to safeguard speaker diaphragm. | | | | | |